
**ആധുനിക കാലത്തെ പലായനങ്ങൾ**

പ്രഫ. ഓമാനൂർ മുഹമ്മദ്

₹ 12

16 ഒക്ടോബർ 2015

# തേജസ്



# വിശുദ്ധ പശുക്കളും ഹിംസയുടെ രാഷ്ട്രീയവും

**ഇസ്‌ലാമിക് കലണ്ടർ**

Ubaid Thrikkalayur

🚫തിരുത്ത് 🚫

-----------------

തേജസ്

ദ്വൈവാരികയിൽ(ഒക്ടോബർ 16-31 )ഞാൻ എഴുതിയ 'ഇസ് ലാമിക് കലണ്ടർ 'എന്ന ലേഖനത്തിൽ വന്ന മുഹമ്മദ് നബി യുടെ അറഫ "വെള്ളിയാഴ്ച യായിരുന്നു " എന്ന പരാമർശം " വ്യാഴാഴ്ച യായി രുന്നു " എന്ന് തിരുത്തി വായിക്കാനപേക്ഷ .പിശക് സംഭവിച്ചതിൽ നിർവ്യാജം ഖേദിക്കുന്നു .പിശക് ചൂണ്ടിക്കാണിച്ച പ്രഫ . കോയക്കുട്ടി ഫാറൂഖിക്ക് നന്ദി .

5:03 PM

The above message ' thiruth '( തിരുത്ത് )' send by me.

Ubaid Thrikkalayoor

ഉബൈദ്തൃക്കളയർ

6:06 PM

# ഇസ്‌ലാമിക് കലണ്ടർ

**ഉബൈദ് തൃക്കളയൂർ**

ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ആദ്യത്തെ കലണ്ടർ ബ്രോൺസ് യുഗത്തിലെ ഈജിപ്ഷ്യൻ, സുമേറിയൻ കലണ്ടറുകളാണ്. ബാബിലോണിയൻ കലണ്ടറിനെ അടിസ്ഥാനപ്പെടുത്തി അയേൺ യുഗത്തിലും നിരവധി കലണ്ടറുകൾ ഉണ്ടായി. പേർഷ്യൻ സാമ്രാജ്യത്തിന്റെ കലണ്ടറും സൊറാസ്ട്രിയൻ കലണ്ടറുകളും ഹീബ്രു കലണ്ടറുകളുമൊക്കെ ഇവയിൽ പെട്ടതാണ്. പുരാതന ഗ്രീക്കുകാർ ഹെലനിക് കലണ്ടറുകൾ വികസിപ്പിച്ചു. ഇതിന്റെ സ്വാധീനഫലമായാണ് വിവിധ ഹിന്ദുകലണ്ടറുകളും പുരാതന റോമൻ കലണ്ടറും ഉണ്ടാവുന്നത്.




അവ മിക്കതും ലൂനി സോളാർ കലണ്ടറുകളായിരുന്നു. ചാന്ദ്രമാസവും സൂര്യമാസവും രേഖപ്പെടുത്തിയ കലണ്ടറുകൾ. സൂര്യ-ചന്ദ്ര ചലനങ്ങളെ നിരീക്ഷിച്ചുകൊണ്ടായിരുന്നു ഇവ തയ്യാറാക്കിയിരുന്നത്. എന്നാൽ പത്തുമാസങ്ങളുണ്ടായിരുന്ന സൂര്യവർഷത്തിലെ അതിപുരാതന കാലം മുതലുള്ള മിച്ചദിവസങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു അന്നത്തെ റോമൻ കലണ്ടർ.

## ഗ്രിഗേറിയൻ കലണ്ടർ

ബി.സി. 45ൽ ജൂലിയസ് സീസർ റോമൻ കലണ്ടർ പുനരാവിഷ്ക്കരിച്ചു. അതിനുമുമ്പ് ജൂതപുരോഹിതന്മാർ അവരുടെ ഇഷ്ടപ്രകാരം കലണ്ടറിൽ മാറ്റങ്ങൾ വരുത്തിയിരുന്നു. ജൂലിയസ് സീസർ, സൂര്യന്റെ ചലനങ്ങൾക്കനുസരിച്ച് തയ്യാറാക്കിയ കലണ്ടറുകളെപ്പറ്റി പഠിച്ച് അവയുടെ മാതൃകയിൽ റോമൻ കലണ്ടർ നവീകരിച്ച് നടപ്പിലാക്കി. നിലവിലുണ്ടായിരുന്ന ചന്ദ്രമാസക്കലണ്ടർ നിരോധിച്ചു. ഈ കലണ്ടറിൽ ജനുവരിയിൽ തുടങ്ങി ഒന്നിടവിട്ട മാസങ്ങളിൽ 31 ദിവസങ്ങളായിരുന്നു നിശ്ചയിച്ചിരുന്നത്. ഫെബ്രുവരിയിൽ 29 ദിവസങ്ങളും ഓരോ നാലുവർഷം കൂടുമ്പോഴും അധിവർഷം (ലീപ് ഇയർ) എന്ന പേരിൽ 30 ദിവസങ്ങളുമായി മൊത്തം 365ഓ 366ഓ ദിവസങ്ങളായിരുന്നു. ഇപ്രകാരം ആഗസ്റ്റ് മാസത്തിനു 30 ദിവസങ്ങളും സപ്തംബറിനും നവംബറിനും 31 ദിവസങ്ങളുമായിരുന്നു.

അഗസ്റ്റസ് സീസർ തന്റെ പേരുള്ള ആഗസ്റ്റ് മാസത്തിന് 31 ദിവസമാക്കണമെന്ന് തീരുമാനിച്ചു. അപ്രകാരമാക്കിയപ്പോൾ ഒരു ദിവസം അധികം വരുന്നത് ശരിയാക്കാനായി ഫെബ്രുവരിയിൽനിന്നുതന്നെ ഒരുദിവസം കുറച്ചു. ഫെബ്രുവരിയിൽ 28 ദിവസങ്ങളും നാലാമത്തെ വർഷത്തിൽ ലീപ് ഇയർ ആയി 29 ദിവസങ്ങളുമായി നിശ്ചയിക്കപ്പെട്ടു. അപ്പോൾ തുടർച്ചയായ മൂന്നു മാസങ്ങളിൽ 31 വരുന്നതിനാൽ ആഗസ്റ്റിനു ശേഷം സപ്തംബർ 30, ഒക്ടോബർ 31, നവംബർ 30, ഡിസംബർ 31 എന്നിങ്ങനെ പുനഃക്രമീകരിക്കപ്പെട്ടു. ജൂലിയൻ കലണ്ടർ എന്നായിരുന്നു ഇത് അറിയപ്പെട്ടിരുന്നത്. റോമിൽ ക്രൈസ്തവർ മതാനുഷ്ഠാനങ്ങൾ നിർവഹിച്ചിരുന്നത് ഈ ജൂലിയൻ കലണ്ടർ അനുസരിച്ചായിരുന്നു.

പോപ്പ് ഗ്രിഗറി 13മന്റെ കാലത്ത് 1582ൽ ജൂലിയൻ കലണ്ടറിൽ വീണ്ടും മാറ്റംവരുത്തേണ്ടിവന്നു. ഈസ്റ്റർ ആഘോഷസമയത്ത് സൂര്യൻ പ്രതീക്ഷിക്കപ്പെട്ട സ്ഥാനത്തല്ലെന്ന് വിദഗ്ധർ കണക്കുകൂട്ടിയപ്പോൾ മനസ്സിലായി. ഇതുവരെ പിന്തുടർന്ന കലണ്ടർ പ്രകാരം ഏകദേശം 10 ദിവസത്തോളം കാലഗണനയിൽ കുറവു വന്നിരിക്കുന്നുവെന്ന് അവർക്ക് ബോധ്യപ്പെട്ടു. ഇതിനു പരിഹാരമായി 10 ദിവസം ചാടിക്കടന്ന് കലണ്ടറിൽ അഡ്ജസ്റ്റ്മെന്റ് വരുത്തി. ഒക്ടോബർ നാലിന് ഉറങ്ങാൻ കിടന്നവർ അടുത്തദിവസം ഉണർന്നെഴുന്നേറ്റത് ഒക്ടോബർ 14ലേക്കായിരുന്നു. ഗ്രിഗേറിയൻ കലണ്ടറിന്റെ പിഴവുകൾ വ്യക്തമാക്കുന്നു ഇത്തരം സംഭവങ്ങൾ.

സൂര്യനും സമയവും

ഭൂമി സ്വയം ഒരു പ്രാവശ്യം കറങ്ങുന്നതിനെടുക്കുന്ന സമയമാണ് 24 മണിക്കൂർ. അതായത് ഒരു ദിവസം. നാം വസിക്കുന്ന ഭൂമി പ്രകാശമില്ലാത്ത ഒരു ഗോളമാണ്. സൂര്യനിൽനിന്നാണ് ഭൂമിയിലേക്ക് പ്രകാശം ലഭിക്കുന്നത്. ഭൂമി സ്വയം കറങ്ങിക്കൊണ്ടേയിരിക്കുന്നു. മാത്രമല്ല; കറങ്ങിക്കൊണ്ടുതന്നെ സൂര്യനെ ചുറ്റുകയും ചെയ്യുന്നുണ്ട്. ഇങ്ങനെ ഭൂമി സ്വയം കറങ്ങുകയും സൂര്യനെ ചുറ്റുകയും ചെയ്യുമ്പോൾ ഗോളാകൃതിയിലുള്ള ഭൂമിയുടെ സൂര്യനുനേരെയുള്ള ഭാഗത്ത് വെളിച്ചവും മറുഭാഗത്ത് ഇരുട്ടും അനുഭവപ്പെടുന്നു. അങ്ങനെയാണ് പകലും രാത്രിയും ഉണ്ടാവുന്നത്. പകലും രാത്രിയും കൂടിച്ചേർന്നാണ് 24 മണിക്കൂർ അതായത് ഒരു ദിവസം. ഭൂമി സ്വയം കറങ്ങുന്നത് പടിഞ്ഞാറുനിന്ന് കിഴക്കോട്ടായതിനാൽ സൂര്യൻ കിഴക്കുദിച്ച് ഉയർന്നുവന്ന്, സഞ്ചരിച്ച് ക്രമേണ പടിഞ്ഞാറേ ചക്രവാളത്തിൽ അസ്തമിക്കുന്നതായി നമുക്ക് അനുഭവപ്പെടുന്നു. സൂര്യൻ ഉദിച്ചു പൊന്തിവരികയോ പടിഞ്ഞാറ് ചക്രവാളത്തിലേക്ക് താഴ്ന്നുപോയി അസ്തമിക്കുകയോ ചെയ്യുന്നില്ലെന്നതാണ് യാഥാർഥ്യം. ഭൂമി കറങ്ങുതിനനുസരിച്ച് ക്രമേണ ഒരു ഭാഗം സൂര്യനഭിമുഖമായി വരുന്നതോടെ സൂര്യനെ കാണാനാവുന്നത് സൂര്യൻ ഉദിക്കുന്നതായും ഭൂമിയുടെ കറക്കത്തിനനുസരിച്ച് ക്രമേണ ഒരു ഭാഗം സൂര്യന് വിമുഖമായി വരുന്നതോടെ, സൂര്യനെ കാണാതായി വരുന്നത് സൂര്യാസ്തമയമായും അനുഭവപ്പെടുകയാണ് ചെയ്യുന്നത്. 365 ദിവസവും ആറു മണിക്കൂറും സമയംകൊണ്ടാണ് ഭൂമിക്ക് സൂര്യനെ ഒരു പ്രാവശ്യം ചുറ്റാൻ സാധിക്കുന്നത്. ഈ കലയളവാണ് ഗ്രിഗേറിയൻ കലണ്ടറിൽ ഒരു വർഷം എന്ന് അറിയപ്പെടുന്നത്. നാം ഇന്ന് മനസ്സിലാക്കിക്കൊണ്ടിരിക്കുന്ന വർഷം ഇപ്രകാരമുള്ള 365.25 ദിവസമാണ്. ഇതിൽ 365നു ശേഷമുള്ള കാൽ ദിവസം വർഷങ്ങൾ കണക്കാക്കുന്നിടത്ത് എന്നും പ്രശ്നമാവാനും അബദ്ധം പിണയാനും കാരണമാവാറുണ്ട്. ലീപ് ഇയർ സംവിധാനമേർപ്പെടുത്തേണ്ടിവരുന്നതും 1528ൽ പോപ് ഗ്രിഗറി 13മന്റെ കാലത്ത് ചെയ്തതുപോലെ 10 ദിവസം മുമ്പോട്ട് ചാടേണ്ടിവരുന്നതുമൊക്കെ അതുകൊണ്ടാണ്.


**365നു ശേഷമുള്ള കാൽ ദിവസം വർഷങ്ങൾ കണക്കാക്കുന്നിടത്ത് എന്നും പ്രശ്നമാവാനും അബദ്ധം പിണയാനും കാരണമാവാറുണ്ട്. ലീപ് ഇയർ സംവിധാനമേർപ്പെടുത്തേണ്ടിവരുന്നതും 1528ൽ പോപ് ഗ്രിഗറി 13മന്റെ കാലത്ത് ചെയ്തതുപോലെ 10 ദിവസം മുമ്പോട്ട് ചാടേണ്ടിവന്നതുമൊക്കെ അതുകൊണ്ടാണ്.**

ഭൂമി സ്വയം ഒരു പ്രാവശ്യം കറങ്ങുമ്പോൾ സൂര്യന് അഭിമുഖമായി വരുന്ന ഭാഗത്ത് കിഴക്ക് സൂര്യനുദിക്കുന്നതായി അനുഭവപ്പെടുകയും പകൽ ആരംഭിക്കുകയും ചെയ്യും. സൂര്യന് വിമുഖമായി വരുന്ന ഭാഗത്ത് പടിഞ്ഞാറ് സൂര്യൻ അസ്തമിക്കുന്നതായി അനുഭവപ്പെടുകയും അവിടെ രാത്രിയാരംഭിക്കുകയും ചെയ്യും. ഇങ്ങനെ സൂര്യൻ കിഴക്കുദിച്ച് പടിഞ്ഞാറ് അസ്തമിക്കുകയും വീണ്ടും കിഴക്കുദിക്കുകയും ചെയ്യുന്നതുവരെയുള്ള സമയമാണ് ഒരു ദിവസം എന്നു പറയുന്നത്.

മാറിവരുന്ന ദിവസങ്ങൾക്ക് ഞായർ, തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി, ശനി എന്നിങ്ങനെ ഏഴുപേരുകളുണ്ട്. എല്ലാ ഭാഷകളിലും ദിവസങ്ങൾക്ക് ഏഴു പേരുകളേയുള്ളൂ. ദിവസങ്ങളുടെ ഏഴു പേരുകൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണു ചെയ്യുന്നത്. ലോകത്ത് ആർക്കും ദിവസങ്ങളുടെ കാര്യത്തിൽ ഭിന്നിപ്പില്ല. വ്യത്യസ്ത ഭാഷകളിൽ സമാനമായ പേരുകളാണെങ്കിലും എല്ലാവർക്കും ദിവസം ഒന്നുതന്നെയാണ്. അറബിയിൽ യൗമുൽ അഹദും ഇംഗ്ലീഷിൽ സൺഡേയും മലയാളത്തിൽ ഞായറാഴ്ചയുമൊക്കെ ഒന്നുതന്നെയാണ്.

## ദിനമാറ്റരേഖ

ഭൂമിയുടെ പ്രദക്ഷിണം ഒരു പ്രാവശ്യം പൂർത്തിയായി എന്നു മനസ്സിലാക്കാൻ ഒരടയാളമുണ്ട്. ആ അടയാളത്തിലെത്തിയാൽ ഭൂമി ഒരു പ്രാവശ്യം കറക്കം പൂർത്തിയാക്കി അടുത്ത പ്രാവശ്യത്തെ കറക്കമാരംഭിക്കുന്നു. ഇങ്ങനെ ദിവസം മാറാനുള്ള അടയാളമാണ് അന്താരാഷ്ട്ര ദിനമാറ്റരേഖ (ഇന്റർനാഷനൽ ഡേറ്റ് ലൈൻ)എന്നറിയപ്പെടുന്നത്. റഷ്യയ്ക്കും അമേരിക്കയ്ക്കും ഇടയിലുള്ള ബെറിൻ കടലിടുക്കിലൂടെ കടന്നുപോകുന്ന ഈ അടയാളം മനുഷ്യൻ സ്ഥാപിച്ചതല്ല. അവൻ കണ്ടെത്തുക മാത്രമാണ് ചെയ്തത്. 1884ൽ പ്രശസ്ത




നാവികൻ ക്യാപ്റ്റൻ കുക്ക് ഇങ്ങനെയൊരു അടയാളത്തെ സംബന്ധിച്ച് മനസ്സിലാക്കി. 1886ലോണ് ലോകം അന്താരാഷ്ട്ര തലത്തിൽ ഈ അടയാളത്തെ അംഗീകരിക്കുന്നതും ഇന്റർനാഷനൽ ഡേറ്റ് ലൈൻ എന്നു നാമകരണം ചെയ്യുന്നതും. യൂനിവേഴ്സൽ സമയത്തിന്റെ (യു.ടി.) അടിസ്ഥാനം ഈ രേഖതന്നെയാണ്. ഭൂമിയിൽ ദിനമാറ്റ രേഖയുടെ നേരെ എതിർഭാഗത്ത് സീറോ ഡിഗ്രിയായി നിശ്ചയിച്ചിരിക്കുന്നു. ലണ്ടനിലെ ഗ്രീനിച്ചിലൂടെ കടന്നുപോകുന്നതിനാൽ ഇതിന് ഗ്രീനിച്ച് ലൈൻ എന്നും പേരുണ്ട്. ദിനമാറ്റരേഖയിൽ ഭൂമിയുടെ കറക്കം ഒരു തവണ പൂർത്തിയാവുന്നത് ഉച്ചസമയത്തായതിനാൽ ദിവസം മാറുന്നത് ഉച്ചയ്ക്കാണ്. ദിവസമാറ്റമല്ല ദിവസാരംഭം. ദിവസം പ്രഭാതത്തോടെ ആരംഭിക്കുന്നു. ഉദാഹരണമായി വ്യാഴാഴ്ച പൂർത്തിയായി വെള്ളിയാഴ്ചയായിത്തീരുന്നത് ഈ സ്ഥലത്തുവച്ചാണ്. ഭൂമിയുടെ ഇരുവശങ്ങളിലുമുള്ള രാജ്യക്കാർ അവരുടെ പ്രഭാതത്തോടെയാണ് പുതിയ ദിവസത്തിലേക്കു പ്രവേശിക്കുന്നത്. ദിനമാറ്റ രേഖയുടെ ഒരു വശത്തുനിന്ന് ഒരാൾ മറുവശം കടന്നാൽ അയാളുടെ ദിവസവും തിയ്യതിയും വശമനുസരിച്ച് മുമ്പോട്ടോ പിന്നോട്ടോ മാറുമെന്നത് സ്വാഭാവികമാണ്. അന്താരാഷ്ട്ര ദിനമാറ്റ രേഖയിൽ ഉച്ചസമയത്ത് ദിവസം മാറുമ്പോൾ അതിന് മറുവശമായ ഗ്രീനിച്ചിൽ അർധരാത്രിയാണ്. അവിടെ അർധരാത്രിയാണ് ദിവസം മാറ്റപ്പെടുന്നത്. അതനുസരിച്ചാണ് നാം രാത്രി 12 മണി കഴിയുന്നതോടെ പുതിയ തിയ്യതിയിലേക്ക് മാറുന്നത്. സന്ധ്യ(മഗ്‌രിബ്)യോടെയാണ് ദിവസം ആരംഭിക്കുന്നത് എന്ന ഒരു ധാരണ ചിലർക്കുണ്ട്. ജൂതരുടെ വിശ്വാസമായിരുന്നു അത്. നബിയുടെ കാലത്ത് ജൂതന്മാരിൽനിന്നും ക്രിസ്ത്യാനികളിൽനിന്നുമായി ഇസ്‌ലാമിലേക്കുവന്നവർക്ക് ഈ ധാരണയുണ്ടായിരുന്നു. മഗ്‌രിബിനു ശേഷം നോമ്പുകാരൻ ഭക്ഷണം കഴിക്കുന്നത് നിഷിദ്ധമാണ് എന്ന ധാരണ തിരുത്തുകയാണ് ഖുർആൻ താഴെ ഉദ്ധരിക്കുന്ന സൂക്തത്തിലൂടെ ചെയ്തത്. നിങ്ങൾ പ്രഭാതത്തിൽ വെളുത്തനൂൽ കറുത്തനൂലിൽനിന്നും വ്യക്തമാവുന്നതുവരെ തിന്നുകയും കുടിക്കുകയും ചെയ്യുക. പിന്നീട് രാത്രി ആരംഭിക്കുന്നതുവരെ നിങ്ങൾ നോമ്പ് പൂർത്തിയാക്കുക. (2:187) രാത്രിക്ക് പിന്നിൽ പകൽ വരികയല്ല; പകലിനെ തുടർന്ന് രാത്രി വരികയാണ്. പകലാണ് മുന്നിൽ എന്ന് വ്യക്തമാക്കുന്നുണ്ട് ഖുർആൻ. സൂര്യന് ചന്ദ്രനെ എത്തിപ്പിടിക്കാനോ രാത്രിക്കു പകലിനെ മറികടക്കാനോ സാധ്യമല്ല... (36:40)

**ദിനമാറ്റ രേഖയെപ്പറ്റി മനസ്സിലാക്കാൻ മറ്റാരേക്കാളും ബാധ്യസ്ഥർ മുസ്‌ലിംകളാണ്. മുസ്‌ലിംകൾക്ക് ദിനേന നിർവഹിക്കേണ്ട നമസ്‌ക്കാരത്തിന് ഈ രേഖയുമായും ബന്ധമുണ്ടെന്നതാണു കാരണം. ദിവസമാറ്റ രേഖതന്നെയാണു ഭൂമിയുടെ കിഴക്കും പടിഞ്ഞാറുമുള്ളവർക്കു ഖിബ്‌ലയുടെ ദിശ നിശ്ചയിക്കുന്ന ഖിബ്‌ലമാറ്റ രേഖയും.**

ദിനമാറ്റ രേഖയെപ്പറ്റി മനസ്സിലാക്കാൻ മറ്റാരേക്കാളും ബാധ്യസ്ഥർ മുസ്‌ലിംകളാണ്. മുസ്‌ലിംകൾക്ക് ദിനേന നിർവഹിക്കേണ്ട നമസ്ക്കാരത്തിന് ഈ രേഖയുമായും ബന്ധമുണ്ടെന്നതാണു കാരണം. ദിവസമാറ്റ രേഖതന്നെയാണു ഭൂമിയുടെ കിഴക്കും പടിഞ്ഞാറുമുള്ളവർക്കു ഖിബ്‌ലയുടെ ദിശ നിശ്ചയിക്കുന്ന ഖിബ്‌ലമാറ്റ രേഖയും.

ഒരു ദിവസത്തിലെ 24 മണിക്കൂർ എന്ന സമയത്തെ അളക്കുവാനായി നാം സെക്കന്റ്, മിനുട്ട്, മണിക്കൂർ എന്നിങ്ങനെ വിഭജിക്കുന്നു. ദിവസത്തിൽ അഞ്ചു സമയങ്ങളിലായി നമസ്ക്കാരം നിർവഹിക്കാൻ അല്ലാഹു മനുഷ്യരോട് കൽപ്പിക്കുന്ന ഒരു ആയത്തുണ്ട് വിശുദ്ധ ഖുർആനിൽ. സൂര്യൻ ആകാശമധ്യത്തിൽനിന്ന് നീങ്ങിയതു മുതൽ രാത്രി ഇരുട്ടുന്നതുവരെ നീ നിത്യവും നമസ്ക്കരിക്കുക. ഖുർആൻ പാരായണം ചെയ്തുകൊണ്ട് പ്രഭാത നമസ്കാരവും നിലനിർത്തുക. തീർച്ചയായും പ്രഭാത നമസ്ക്കാരത്തിലെ ഖുർആൻ പാരായണം സാക്ഷ്യം വഹിക്കപ്പെടുന്നതാവുന്നു. (17:78)

സൂര്യന്റെ ചായ്‌വുകൾക്കനുസരിച്ചാണ് സമയവ്യതിയാനമുണ്ടാകുന്നത്. സൂര്യൻ ആകാശമധ്യത്തിൽ 90 ഡിഗ്രിയിൽ എത്തുമ്പോഴാണ് ളുഹർ നമസ്കാര സമയം. പിന്നീട് വ്യത്യസ്ത ഡിഗ്രികളിലേക്കെത്തുന്നതനുസരിച്ചാണ് അസർ, മഗ്‌രിബ്, ഇശാ, ഫജ്ർ എന്നീ നമസ്കാരങ്ങളുടെ സമയം ക്രമീകരിച്ചിരിക്കുന്നത്. സൂര്യന്റെ സഞ്ചാരമാണ് സമയനിർണയത്തിന്റെ അടിസ്ഥാനമെന്ന് ഈ വിശദീകരണങ്ങളിൽനിന്ന് വ്യക്തമാവുന്നു.

## തിയ്യതി നിർണയിക്കാൻ ചന്ദ്രൻ

മാസം, മാസത്തിൽ എത്രാമത്തെ ദിവസം, 12 മാസങ്ങൾ കൂടു

ന്ന വർഷം, വർഷങ്ങളുടെ എണ്ണം എന്നിവയുടെ നിർണയത്തിന്ന് അടിസ്ഥാനം ചന്ദ്രനാണ്. ആകാശത്തിൽ തൂക്കിയിട്ടിരിക്കുന്ന പ്രകൃതിയിലെ കലണ്ടറാണ് ചന്ദ്രൻ. അല്ലാഹു പറയുന്നു: "ജനങ്ങൾ നിന്നോട് ചന്ദ്രന്റെ കലകളെ സംബന്ധിച്ച് ചോദിക്കുന്നു. പറയുക അവ ജനങ്ങൾക്ക് തിയ്യതികളാണ്. ഹജ്ജിന്റെ തിയ്യതി നിർണയിക്കാനുമുള്ളതാണ്. നിങ്ങൾ വീടുകളിലേക്ക് പിൻവശങ്ങളിലൂടെ വരുന്നതിലല്ല പുണ്യം. എന്നാൽ സൂക്ഷ്മത പാലിക്കുകയും വീടുകളിലേക്ക് മുൻവാതിലിലൂടെ പ്രവേശിക്കുന്നതുമാണ് പുണ്യം. നിങ്ങൾ വിജയികളാവാൻ അല്ലാഹുവിനെ സൂക്ഷിക്കുക." (2:189)

ഈ സൂക്തത്തിൽനിന്നും മൂന്നു കാര്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. 1) ഓരോ ദിവസവും കാണപ്പെടുന്ന വ്യത്യസ്തവലിപ്പങ്ങളിലുള്ള ചന്ദ്രക്കലകളെ സംബന്ധിച്ചാണ് നബിയോട് ജനങ്ങൾ, അവ എന്തിനാണ് എന്ന് ആരാഞ്ഞത്. പിറവി ചന്ദ്രൻ എന്ന അർഥത്തിൽ ഹിലാൽ എന്ന ഏകവചനപ്രയോഗം ഖുർആനിൽ ഇല്ല. അഹില്ല എന്ന ബഹുവചനപ്രയോഗംകൊണ്ട് ഉദ്ദേശിക്കുന്നത് ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളാണെന്ന് എല്ലാ ഖുർആൻ വ്യാഖ്യാതാക്കളും പറയുന്നു. 2) മീഖാത്ത് എന്നതിന്റെ ബഹുവചനമാണ് മവാഖീത്ത് . വർഷത്തിൽ ഒരു പ്രത്യേക ദിവസം എന്നാണതിന്റെ അർഥം. അതാണല്ലോ തിയ്യതി. സമയങ്ങൾ എന്ന് മവാഖീത്തി ന് അർഥം നൽകാൻ പറ്റില്ല. സമയത്തിന് 'വഖ്ത്' എന്നാണ് പറയുക. ബഹുവചനരൂപം 'ഔഖാത്ത'. മവാഖീത്തിന് സമയങ്ങൾ എന്നർഥം നൽകിയാൽ, ചന്ദ്രനെയാണ് സമയനിർണയത്തിന് സംവിധാനിച്ചിരിക്കുന്നതെന്ന തെറ്റിദ്ധാരണ ഉണ്ടാകും. ഈ സൂക്തത്തിൽതന്നെ, വീടുകളിലേക്ക് മുൻവശത്തുകൂടെ പ്രവേശിക്കണമെന്ന് ചന്ദ്രക്കലകളെ സംബന്ധിച്ച് അന്വേഷിച്ച ജനങ്ങളോട് ഉണർത്തുന്നു. ഇതിന്റെ പൊരുൾ എന്താണെന്ന് ചിന്തിക്കേണ്ടതുണ്ട്. ഭൂമിയിൽ ദിവസം മാറുന്നതിന് അല്ലാഹു നിശ്ചയിച്ച സ്ഥലത്തുനിന്നുതന്നെ, മാസത്തിലെ ദിവസത്തിന്റെ സ്ഥാനവും അതായത് തിയ്യതിയും കണക്കാക്കണമെന്നാണ് അതിന്റെ ഉദ്ദേശ്യമെന്ന് പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്. പിന്നിൽ വരേണ്ടവർ ദിവസത്തെ മറികടക്കരുതെന്ന് അർഥം. തിയ്യതിയും ദിവസവും ഒത്തുവരേണ്ടതുണ്ട്. ഒരു ദിവസത്തിന് ഒരു തിയ്യതിയേ ഉണ്ടാകാവൂ. ചന്ദ്രക്കലകളും അവ നിൽക്കുന്ന സ്ഥാനങ്ങളും (മനാസിൽ) നിരീക്ഷിച്ച് തിയ്യതികൾ നിശ്ചയിക്കണം. ചന്ദ്രക്കലകൾ കാണപ്പെടുന്ന സ്ഥാനമാണ് ഇവിടെ വീടുകൾ എന്ന പ്രയോഗം കൊണ്ടുദ്ദേശിച്ചത്. കാരണം, ഈ സ്ഥാനങ്ങൾക്ക് ഖുർആനിൽ മനാസിൽ എന്നാണ് പ്രയോഗിച്ചത്. മൻസിൽ എന്നതിനു സ്ഥാനം എന്നും വീട് എന്നും അർഥമുണ്ട്. വീടുകൾക്ക് മൻസിൽ എന്ന പദം ചേർത്ത് പേര് വയ്ക്കുന്നത് അറബിഭാഷയിൽ പതിവാണ്. ഉദാ: റഹ്മത്ത് മൻസിൽ. മൻസിലിന്റെ ബഹുവചനമാണ് മനാസിൽ. കാലഗണനയ്ക്ക് ആധാരം ചന്ദ്രനാണെന്ന് അല്ലാഹു വ്യക്തമാക്കുന്നു.

**ദിനമാറ്റരേഖയിൽ ഭൂമിയുടെ കറക്കം ഒരു തവണ പൂർത്തിയാവുന്നത് ഉച്ചസമയത്തായതിനാൽ ദിവസം മാറുന്നത് ഉച്ചയ്ക്കാണ്. ദിവസമാറ്റമല്ല ദിവസാരംഭം. ദിവസം പ്രഭാതത്തോടെ ആരംഭിക്കുന്നു.**


ചന്ദ്രൻ: ആകാശത്ത് തൂക്കിയിട്ട കലണ്ടർ

ലോകത്ത് ചന്ദ്രമാസക്കലണ്ടർ പലവിധമുണ്ട്. ചൈനയുടെ ഔദ്യോഗിക കലണ്ടർ, ജൂതന്മാരുടെ ഹിബ്രു കലണ്ടർ, മലയാള കൊല്ല വർഷകലണ്ടർ എന്നിവ അവയിൽ ചിലതാണ്. പക്ഷേ, ഇവയൊന്നും കൃത്യതയുള്ളതോ ശാസ്ത്രീയമോ അല്ല. അതിന്റെ അശാസ്ത്രീയത മുസ്‌ലിംകളുടെ ഓരോ ആഘോഷാവസരങ്ങളിലും റമദാൻ ആരംഭത്തിലും നാം അറിയുന്നതാണ്.

## ഇസ്‌ലാമിക് കലണ്ടർ

ഒരു നിർണ്ണായക ഘട്ടത്തിൽ നബിയും അനുയായികളും മദീനയിലേക്ക് പലായനം ചെയ്യുകയുണ്ടായി. അതാണ് ഹിജ്റ. മദീനയിൽ ചന്ദ്രമാസകലണ്ടർ നിലവിലുണ്ടായിരുന്നു. യാതൊരു ശാസ്ത്രീയാടിത്തറയുമില്ലാതെ മാസങ്ങൾക്ക് ജൂതന്മാരും ക്രിസ്ത്യാനികളും 30, 29 എന്നിങ്ങനെ ദിവസങ്ങൾ നിശ്ചയിച്ചിരുന്നു. ഈ കണക്കനുസരിച്ച് പ്രതിവർഷം 354 ദിവസങ്ങളേയുണ്ടാവൂ. എന്നാൽ 355 ദിവസങ്ങളുള്ള വർഷങ്ങളുമുണ്ടാവാം. നിലവിലുള്ള ചന്ദ്രമാസ കലണ്ടർ അംഗീകരിക്കുകയും അതിലെ അപാകതകൾ തിരുത്തി ശാസ്ത്രീയമാക്കുവാൻ വേണ്ട നിർദേശങ്ങൾ നൽകുകയുമാണ് നബി ചെയ്തത്. ചന്ദ്രൻ ചലിക്കുന്നത് നിങ്ങളുടെ കണക്കുപ്രകാരമല്ലെന്നും നിങ്ങൾ 29 എന്ന് നിശ്ചയിച്ച ഏതു മാസവും ചിലപ്പോൾ 30 ആവാനിടയുണ്ടെന്നും നബി മുന്നറിയിപ്പു നൽകി. വിശുദ്ധ ഖുർആനിലെ ചന്ദ്രന്റെ കലകൾ ജനങ്ങൾക്ക് തിയ്യതി കാണിക്കുവാനാണ്. (2:189) എന്ന ഖുർആൻ സൂക്തത്തിന്റെ അടിസ്ഥാനത്തിൽ, ചന്ദ്രന്റെ കലകളും (അഹില്ല) അവ നിൽക്കുന്ന സ്ഥാനവും തമ്മിൽ യാതൊരു വ്യത്യാസവും പാടില്ലെന്നും അവ ഒത്തുവരുന്നതാണ് തിയ്യതിയെന്നും നബി പഠിപ്പിച്ചു. ന

ചന്ദ്രന്റെ വ്യത്യസ്ത കലകളും അവയുടെ സ്ഥാനവും നിർണയിച്ച് നേരത്തെ തിയ്യതി പ്രഖ്യാപിക്കുവാനുള്ള അറിവോ ശാസ്ത്രീയ പുരോഗതിയോ അന്നുണ്ടായിരുന്നില്ല. സൂര്യന്റെയും ചന്ദ്രന്റെയും ഭൂമിയുടെയുമൊന്നും ചലനനിയമങ്ങൾ മനസ്സിലാക്കിയിട്ടില്ലാത്ത ഒരു കാലഘട്ടമായിരുന്നു അത്. ഭൂമി ഉരുണ്ടതാണെന്നുപോലും വിശ്വസിക്കാത്ത ആറാം നൂറ്റാണ്ടിലായിരുന്നു പ്രവാചകൻ ഇതു പഠിപ്പിച്ചത്. അതുകൊണ്ട്, ഓരോ മാസവും തുടങ്ങുന്നതിനുമുമ്പ് വരാൻ പോവുന്ന മാസങ്ങളിലെ ദിവസങ്ങളുടെ എണ്ണം കാലേക്കൂട്ടി തീരുമാനിക്കാൻ അവർക്കു സാധിക്കുമായിരുന്നില്ല. അതിനാൽ ഓരോ മാസത്തിന്റെയും ആരംഭം, ചന്ദ്രന്റെ പിറവി നിരീക്ഷിച്ച് മനസ്സിലാക്കുവാനും പിറന്ന ചന്ദ്രന്റെ കലയുടെ വലിപ്പം നോക്കി അത് എത്രാമത്തെ ദിവസത്തെ ചന്ദ്രനാണെന്ന് മനസ്സിലാക്കി, ആ മാസത്തിൽ 29ഓ 30ഓ എന്ന് കണക്കുകൂട്ടി തീരുമാനിക്കുവാനു




മാണ് നബി നിർദേശിച്ചത്. എല്ലാ മാസവും 29ന് പിറവി ഉണ്ടായോ എന്ന് നിരീക്ഷിക്കുവാനും ഉണ്ടെങ്കിൽ അടുത്ത ദിവസം ഒന്നാം തിയ്യതി ആയി പുതിയ മാസം തുടങ്ങുവാനും 29ന് പിറവി ഉണ്ടായി എന്ന് ബോധ്യമായില്ലെങ്കിൽ ആ മാസം 30 തികച്ചതിനു ശേഷം പുതിയമാസം ആരംഭിക്കുവാനുമാണ് പ്രവാചകൻ നിർദേശിച്ചത്. തിയ്യതികളുടെ പവിത്രത നഷ്ടപ്പെടുത്താതെ സൂക്ഷിക്കണമെന്ന് പ്രവാചകൻ പഠിപ്പിച്ചു.

ഖുർആൻ പറഞ്ഞു: "അല്ലാഹുവിന്റെ തീരുമാനപ്രകാരം, ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കപ്പെട്ട നാൾ മുതൽക്കേ മാസങ്ങളുടെ എണ്ണം 12 ആണ്. അവയിൽ നാലു മാസങ്ങൾ യുദ്ധം നിഷിദ്ധമാക്കപ്പെട്ട പവിത്രമാസങ്ങളാണ്. ഇതാണ് ശരിയായ ദീൻ." (9:36) അറബികളുടെയിടയിൽ പ്രചാരത്തിലുണ്ടായിരുന്ന ചന്ദ്രമാസകലണ്ടറിൽ ദുൽഖഅദ്, ദുൽഹജ്ജ്, മുഹർറം, റജബ്, എന്നീ നാലു മാസങ്ങൾ യുദ്ധം നിഷിദ്ധമായ പവിത്രമാസങ്ങളായി അവർ മനസ്സിലാക്കിയിരുന്നു. ഈ പവിത്രമാസങ്ങളെ അങ്ങനെത്തന്നെ അംഗീകരിക്കുകയാണ് ഖുർആൻ ചെയ്തത്. ഈ നാലു മാസങ്ങൾ പവിത്രങ്ങളാണ് എന്ന് വ്യക്തമാക്കപ്പെട്ടതോടെ, പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പു മുതൽതന്നെ ചന്ദ്രന്റെ ചലനമനുസരിച്ചുള്ള 12 മാസങ്ങളാണുള്ളതെന്ന സൂചന ഈ സൂക്തത്തിലൂടെ ലഭിച്ചു.

നബിയുടെ ഹജ്ജായ ഹജ്ജത്തുൽ വിദാഇൽ ഒരു ലക്ഷത്തിലേറെ വിശ്വാസികളുടെ മുമ്പിൽ നബി ഇക്കാര്യം വിശദീകരിച്ചതായി ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം. അന്നത്തെ അറഫ ഒരു വെള്ളിയാഴ്ച

**മാസത്തിന്റെയും ദിവസത്തിന്റെയും പവിത്രത കാത്തുസൂക്ഷിക്കൽ പരസ്പരം രക്തവും സമ്പത്തും അഭിമാനവും കാത്തുസൂക്ഷിക്കുന്നതുപോലെയാണ്. മാസത്തിന്റെയും ദിവസത്തിന്റെയും പവിത്രത എന്നാൽ തിയ്യതിയുടെ പവിത്രതയാണല്ലോ. ഓരോ ചന്ദ്രമാസത്തിലുംപെട്ട തിയ്യതി മറ്റു മാസങ്ങളിൽ ഉൾപ്പെടുത്തുന്നത് തിയ്യതികളുടെ പവിത്രതയെ ലംഘിക്കലാണ്.**

യായിരുന്നു. നബി പറഞ്ഞു: കാലങ്ങൾ കറങ്ങി ഇന്നിതാ വാനവും ഭൂമിയും സൃഷ്ടിക്കപ്പെട്ട നാളിൽ ഉള്ളതുപോലെയായിരിക്കുന്നു. ഇന്ന് ഏതു ദിവസമാണെന്ന് ചോദിച്ചതിനു ശേഷം നബി പറഞ്ഞു: ഇന്ന് അതേ ദിവസമാകുന്നു. വാനവും ഭൂമിയും സൃഷ്ടിക്കപ്പെട്ട നാൾ. അന്ന് വെള്ളിയാഴ്ചയായിരുന്നു. അറഫയിൽ നിൽക്കുന്ന ദിവസം ദുൽഹജ്ജ് ഒമ്പതിനാണെന്ന് എല്ലാവർക്കും അറിയാം. അന്നത്തെ ദുൽഹജ്ജ് 9 വെള്ളിയാഴ്ചയാണെന്ന് വ്യക്തമാക്കപ്പെട്ടതോടെ അവിടം മുതൽ ശരിയായ ദിവസവും തിയ്യതിയും ലഭ്യമായി. അതിനെ അടിസ്ഥാനപ്പെടുത്തി മുമ്പേ കഴിഞ്ഞുപോയ തിയ്യതികളും ദിവസങ്ങളും ഇനി വരാനിരിക്കുന്ന തിയ്യതികളും ദിവസങ്ങളുമെല്ലാം കണക്കുകൂട്ടി മനസ്സിലാക്കുവാൻ ചന്ദ്രന്റെ ചലനങ്ങളെ സ്ഥിരമായി നിരീക്ഷിച്ച് പഠിക്കുന്നവർക്ക് സാധിക്കും. കാരണം, ചന്ദ്രനും സൂര്യനും നേരത്തെ തീരുമാനിക്കപ്പെട്ട കണക്കുകൾക്കനുസരിച്ചാണ് ചലിച്ചുകൊണ്ടിരിക്കുന്നതെന്ന് ഖുർആൻ വ്യക്തമാക്കിയതാണ്. (55:15) അറഫയിൽ വച്ച് അന്ന് നബി പറഞ്ഞു: "ഈ ദിവസത്തിന്റെ പവിത്രതപോലെ, ഈ മാസത്തിന്റെ പവിത്രത പോലെ, ഈ നാടിന്റെ പവിത്രതപോലെ നിങ്ങളുടെ രക്തവും സമ്പത്തും അഭിമാനവും പവിത്രമാണ്." ഈ പവിത്രത ലംഘിക്കരുതെന്നും മാസത്തിന്റെയും ദിവസത്തിന്റെയും പവിത്രത കാത്തുസൂക്ഷിക്കൽ പരസ്പരം രക്തവും സമ്പത്തും അഭിമാനവും കാത്തുസൂക്ഷിക്കുന്നതുപോലെയാണെന്നും ഇതിൽനിന്നും മനസ്സിലാക്കാൻ സാധിക്കും.

മാസത്തിന്റെയും ദിവസത്തിന്റെയും പവിത്രത എന്നാൽ തിയ്യതിയുടെ പവിത്രതയാണല്ലോ. ഓരോ ചന്ദ്രമാസത്തിലുംപെട്ട തിയ്യതി മറ്റു മാസങ്ങളിൽ ഉൾപ്പെടുത്തുന്നത് തിയ്യതികളുടെ പവിത്രതയെ ലംഘിക്കലാണ്. അല്ലാഹു ഈ വിഷയത്തിൽ വിശുദ്ധ ഖുർആനിലൂടെ മുന്നറിയിപ്പു നൽകുന്നതു ശ്രദ്ധിക്കുക: "...അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരുടെ കൂടെയാണെന്ന് നിങ്ങൾ മനസ്സിലാക്കുക. പവിത്രമാസങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നത് സത്യനിഷേധത്തിന്റെ വർധനവാകുന്നു." (9:37) ഈ ആയത്ത് വിശദീകരിച്ചുകൊണ്ട് നബി പറഞ്ഞു: "തുടർച്ചയായി വരുന്ന ദുൽഖഅ്ദ, ദുൽഹിജ്ജ, മുഹർറം എന്നിവയും ജമാദുൽ ആഖിറിന്നും ശഅ്ബാനും ഇടയ്ക്കുള്ള റജബ് മാസവുമാണ് പവിത്ര മാസങ്ങൾ. 12 മാസങ്ങളിൽ മാസത്തിന്റെ പേർ നബി വ്യക്തമാക്കി. നബി പറഞ്ഞ ഈ ആറു മാസങ്ങളുടെയും ബാക്കി ആറു മാസങ്ങളുടെയും പേരുകൾ അവർ നേരത്തെ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന അറബി മാസപേരുകൾ തന്നെയായിരുന്നു. ഈ കലണ്ടറിനെപ്പറ്റിയാണ് ഇതാണ് വക്രതയില്ലാത്ത മതമെന്ന് ഖുർ

ആൻ വ്യക്തമാക്കിയത്. (9:36)

മദീന തലസ്ഥാനമാക്കിക്കൊണ്ട് മുഹമ്മദ് നബിയും അനുയായികളും രൂപീകരിച്ച ഇസ്‌ലാമിക രാഷ്ട്രത്തിൽ, അപാകതകൾ പരിഹരിച്ച വക്രതയില്ലാത്ത ചന്ദ്രമാസകലണ്ടറാണ് കാലഗണനയ്ക്കായി അവലംബിച്ചത്. പക്ഷേ, മുമ്പ് അവിടെ പ്രചാരത്തിലുണ്ടായിരുന്ന കലണ്ടറിലെ പേരുകൾക്കോ ക്രമത്തിനോ നബി മാറ്റം വരുത്തിയില്ല. നബിയുടെ ജനനവും മദീനയിലേക്കുള്ള പലായനവും റബീഉൽ അവ്വൽ മാസത്തിലായിരുന്നെങ്കിലും അവിടെ നിലവിൽ ഉണ്ടായിരുന്നതുപോലെ ആദ്യത്തെ മാസമായി മുഹർറം തന്നെയാണ് നിശ്ചയിച്ചത്. ഖുർആന്റെ നിർദേശാനുസാരം ചന്ദ്രന്റെ കലകൾക്കും സ്ഥാനങ്ങൾക്കും അടിസ്ഥാനത്തിൽ മാസനിർണയം നടത്തുന്ന കാലഗണനാ സമ്പ്രദായത്തിന് ഒരു പുതിയ പേരിനെപ്പറ്റി അവർ ആലോചിക്കുകയും ഇസ്‌ലാമിക ചരിത്രത്തിലെ ഒരു സുപ്രധാന വഴിത്തിരിവായ ഹിജ്റതന്നെയാവട്ടെ പുതിയ കലണ്ടർ സമ്പ്രദായത്തിന്റെ പേർ എന്ന് നിശ്ചയിക്കുകയും ചെയ്തു. ഇതാണ് ഹിജ്റ വർഷ കലണ്ടർ. തെറ്റായ കാലഗണനാരീതിയിൽനിന്നും ശരിയായ സമ്പ്രദായത്തിലേക്കുള്ള മാറ്റംകൂടിയായിത്തീർന്നു ഹിജ്റ. ഈ ഹിജ്റ വർഷ കലണ്ടർതന്നെയാണ് ഇസ്‌ലാമിക കലണ്ടർ.

മുഹർറം, സഫർ, റബീഉൽ അവ്വൽ, റബീഉൽ ആഖിർ, ജമാദുൽ അവ്വൽ, ജമാദുൽ ആഖിർ, റജബ്, ശഅബാൻ, റമദാൻ, ശവ്വാൽ, ദുൽഖഅ്ദ, ദുൽഹിജ്ജ എന്നിവയാണ് ചന്ദ്രമാസ ഹിജ്റ വർഷ കലണ്ടറിലെ 12 മാസങ്ങൾ. ഇവ വർഷത്തിൽ, ഭൂമിയെ ചന്ദ്രൻ 12 പ്രാവശ്യം ചുറ്റാൻ എടുക്കുന്ന സമയത്തിനനുസരിച്ച് 354ഓ 355ഓ ദിവസങ്ങളാവാം. 30ന്റെ മാസങ്ങൾ ആറും 29ന്റെ മാസങ്ങൾ ആറും ഉണ്ടാവുന്ന വർഷം 354 ദിവസങ്ങളായിരിക്കും. 30ന്റെ മാസങ്ങൾ ഏഴും 29ന്റെ മാസങ്ങൾ അഞ്ചും ഉണ്ടാവുന്ന വർഷമാണെങ്കിൽ 355 ദിവസങ്ങളുണ്ടാവും. തുടർച്ചയായി 30 മൂന്ന് മാസങ്ങളിൽ കൂടുതൽ വരികയില്ലെന്നും 29 തുടർച്ചയായി രണ്ടു മാസങ്ങളിൽ കൂടുതൽ ഉണ്ടാവുകയില്ലെന്നും നബി പഠിപ്പിച്ചിട്ടുണ്ട്. അതു ശാസ്ത്രമാണ്. സൂര്യനും ചന്ദ്രനും ഒരു കണക്കിനു വിധേയമായാണു സഞ്ചരിക്കുന്നത്. (55:15) എന്ന ഖുർആൻ വാക്യത്തെ ചന്ദ്രന്റെ ചലനവുമായി ബന്ധിപ്പിച്ച് നബി നൽകുന്ന സൂചനകളാണവ.

സൂര്യനിൽനിന്നുള്ള അകലത്തിനനുസരിച്ചാണ് ചന്ദ്രന്റെ കലകൾ നാം കാണുന്നതും ചന്ദ്രന്റെ കലകൾക്ക് വലുപ്പവ്യത്യാസം വരുന്നതും. ചന്ദ്രൻ ഭൂമിയെ ചുറ്റുന്നതോടെ, ചന്ദ്രൻ സൂര്യനോട് അടുത്ത് വരുംതോറും ചന്ദ്രന്റെ കലകൾ ചെറുതായി വരുന്നു. സൂര്യനിൽനിന്ന് അകലുംതോറും ചന്ദ്രന്റെ കലകൾ വലുതായി കാണുന്നു. ഏറ്റവും കൂടുതൽ അകലുന്നത് 15ാം നാളാണ്. അന്നുനാം പൂർണ ചന്ദ്രനെ ദർശിക്കുന്നു. ഭൂമിക്കും സൂര്യനുമിടയിൽ ഒരേ നേർരേഖയിൽ ചന്ദ്രൻ വരുന്ന നിമിഷം ചന്ദ്രനെ കാണാതാവുന്നു. ഇതാണ് അമാവാസി എന്നു നമ്മൾ പറയുന്ന പ്രതിഭാസം. കറുത്തവാവ് എന്നും ഇതിനു പേരുണ്ട്. സൂര്യഗ്രഹണം ഉണ്ടാവാറ് അമാവാസിയിലാണ്. സൂര്യനും ചന്ദ്രനുമിടയിൽ ഒരേ നേർരേഖയിൽ ഭൂമി വരുമ്പോഴാണ് പൗർണമി. ചന്ദ്രഗ്രഹണം ഉണ്ടാവാറ് പൗർണമി ദിനങ്ങളിലാണ്. ഇതു മാസത്തിന്റെ മധ്യത്തിൽ മാത്രമേ ഉണ്ടാവുകയുള്ളൂ. അമാവാസിയും പൗർണമിയും കണക്കുകൂട്ടി മനസ്സിലാക്കാൻ ഒട്ടും പ്രയാസമില്ല. മാസാവസാനിത്തിന്റെ അടയാളമാണ് അമാവാസി എന്ന കറുത്തവാവ്. അമാവാസിക്ക് ശേഷം പ്രത്യക്ഷപ്പെടുന്ന ചന്ദ്രക്കലയാണ് പുതുചന്ദ്രൻ. പുതുചന്ദ്രന്റെ പിറവി പ്രഭാതത്തിലോ ഉച്ചസമയത്തോ വൈകുന്നേരമോ ഉണ്ടാവാം. പക്ഷേ, പിറവി ഉണ്ടായ ചന്ദ്രനെ സൂര്യാസ്തമയത്തിനു ശേഷമേ കാണാൻ സാധിക്കുകയുള്ളൂ. പകലിൽ സൂര്യന്റെ ശക്തമായ പ്രകാശത്തിൽ നമുക്കു ചന്ദ്രനെ കാണാൻ സാധിക്കുകയില്ല. ചന്ദ്രൻ അസ്തമിക്കുന്നതിനുമുമ്പ് സൂര്യൻ അസ്തമിച്ചെങ്കിലേ പുതുചന്ദ്രനെ കാണാൻ സാധിക്കുകയുള്ളൂ. സൂര്യാസ്തമയശേഷം ചന്ദ്രൻ അസ്തമിക്കാൻ 45 മിനിട്ടെങ്കിലും സമയമുണ്ടെങ്കിലേ പിറവിചന്ദ്രനെ കാണാനാവൂ എന്നാണ് ശാസ്ത്രം പറയുന്നത്.

മദീന തലസ്ഥാനമാക്കിക്കൊണ്ട് മുഹമ്മദ് നബിയും അനുയായികളും രൂപീകരിച്ച ഇസ്‌ലാമിക രാഷ്ട്രത്തിൽ, അപാകതകൾ പരിഹരിച്ച വക്രതയില്ലാത്ത ചന്ദ്രമാസകലണ്ടറാണ് കാലഗണനയ്ക്കായി അവലംബിച്ചത് ഇതാണ് ഹിജ്റ വർഷ കലണ്ടർ. തെറ്റായ കാലഗണനാരീതിയിൽനിന്നും ശരിയായ സമ്പ്രദായത്തിലേക്കുള്ള മാറ്റംകൂടിയായിത്തീർന്നു ഹിജ്റ. ഈ ഹിജ്റ വർഷ കലണ്ടർതന്നെയാണ് ഇസ്‌ലാമിക കലണ്ടർ.

പിറവിക്കുശേഷം ഓരോ ദിവസവും സൂര്യനുമായി അകലുന്നതിനനുസരിച്ച് കലകൾ വലുതായി കാണപ്പെടുകയും ചന്ദ്രന്റെ അസ്തമയം വൈകുകയും ചെയ്യുന്നു. ഏഴാം ദിവസം സൂര്യാസ്തമയ സമയത്ത് പടിഞ്ഞാറേ ചക്രവാളത്തിൽ ചന്ദ്രൻ ഉച്ചിയിൽ എത്തുന്നു. അപ്പോൾ അർധചന്ദ്രനായാണ് ഭൂമിയിൽ ദൃശ്യമാവുക. 15ാം ദിവസം സൂര്യാസ്തമയത്തോടെ പൂർണചന്ദ്രൻ ദൃശ്യമാവുന്നു. പിന്നീട് പഴയ രീതിയിലേക്ക് മടങ്ങാൻ ആരംഭിക്കുന്നു. കിഴക്കെ ചക്രവാളത്തിൽ സൂര്യോദയത്തിനുമുമ്പ് ദൃശ്യമാവുന്നു. 21ാം ദിവസം വീണ്ടും അർധചന്ദ്രാവസ്ഥയിൽ കാണപ്പെടുന്നു. ക്രമേണ കലകൾ വലിപ്പംകുറഞ്ഞുവരികയും ഖുർആന്റെ ഭാഷയിൽ പഴയ ഈത്തപ്പനക്കുല ചില്ലപോലെ വളഞ്ഞുനേരിയ കുലയായി (ഉർജൂനുൽ ഖദീം) കിഴക്കൻ ചക്രവാളത്തിൽ ദൃശ്യമാവുകയും ചെയ്യുന്നു. ചന്ദ്രന്റെ കറക്കം ഒരു ചുറ്റ് പൂർത്തിയാവുന്നത് ലോകദിവസത്തിന്റെ തുടക്കത്തിലോ മധ്യത്തിലോ അവസാനത്തിലോ ആയാലും ഈ ദിവസം ആ മാസത്തിലെ അവസാന ദിവസമായിരിക്കും. അടുത്തദിവസം ചന്ദ്രമാസം ഒന്നാം തിയ്യതിയു

മായിരിക്കും.

ചന്ദ്രൻ ഭൂമിക്കു ചുറ്റും ഒരു പ്രാവശ്യം കറങ്ങാൻ എടുക്കുന്ന സമയമാണ് ഒരു മാസം. 360 ഡിഗ്രി കറങ്ങാൻ 30 ദിവസമെടുക്കുകയാണെങ്കിൽ ഒരു ദിവസം 12 ഡിഗ്രിയായിരിക്കും ചന്ദ്രന്റെ ഏകദേശ സഞ്ചാരം. 12 ഡിഗ്രി കൃത്യമായ കണക്കല്ല. ഓരോ മാസവും അളവിൽ നേരിയ വ്യത്യാസമുണ്ടാവും. സൂര്യനും ഭൂമിക്കുമിടയിൽ ചന്ദ്രൻ മറികടക്കുന്ന അമാവാസി പൂജ്യം ഡിഗ്രിയിലാണ് സംഭവിക്കുന്നത്. തുടർന്ന് ചന്ദ്രൻ 12 ഡിഗ്രി സഞ്ചരിച്ചാൽ ചന്ദ്രന്റെ അടുത്ത സ്ഥാനത്തെത്തും (മനാസിൽ). ഓരോ ദിവസവും ഏകദേശം 12 ഡിഗ്രി സഞ്ചരിക്കും ചന്ദ്രൻ. ഈ കണക്കുപ്രകാരം ചന്ദ്രന്റെ സ്ഥാനങ്ങൾ മനസ്സിലാക്കി, തിയ്യതികൾ കണക്കുകൂട്ടി എടുക്കാമെന്നാണ് ഖുർആന്റെ അധ്യാപനം. മൻസിലുകൾ അളന്നു മനസ്സിലാക്കുകയല്ലാതെ തിയ്യതി മനസ്സിലാക്കാൻ മറ്റൊരു മാർഗവുമില്ല. ചന്ദ്രന്റെ സ്ഥാനങ്ങൾ (മൻസിലുകൾ)പരിഗണിക്കാതെ, പിറവി ചന്ദ്രന്റെ ദൃശ്യതയെ മാനദണ്ഡമാക്കിയാൽ കലണ്ടറുകൾ പ്രായോഗികമാവുകയില്ല. ഒരേ ദിവസത്തിന് വ്യത്യസ്ത തിയ്യതികൾ സംഭവിക്കുന്നതിനാൽ, അതനുസരിച്ച് ഒരു കാര്യവും നിർവഹിക്കാൻ പറ്റുകയില്ല. ഇക്കാര്യം വിശദീകരിച്ചുകൊണ്ട് അല്ലാഹു ചന്ദ്രക്കലകളെ തിയ്യതികൾക്കടിസ്ഥാനമാക്കി നിശ്ചയിച്ചിരിക്കുന്നു. എന്ന് നബി വിശദീകരിക്കുകയുണ്ടായി.

എല്ലാ കാര്യങ്ങൾക്കും തിയ്യതികൾ കണ്ടെത്താൻ അടിസ്ഥാനമാക്കേണ്ട ചന്ദ്രന്റെ കലകളും സ്ഥാനങ്ങളും (അഹില്ലകളും മനാസിലുകളും) മനസ്സിലാക്കാൻ നബി തിരുമേനി പഠിപ്പിച്ചതുപോലെ എല്ലാ മാസത്തിലും ചന്ദ്രനിരീക്ഷണം ഒരു ശീലമാക്കാനോ ശാസ്ത്രീയ നേട്ടങ്ങൾ ഉപയോഗപ്പെടുത്താനോ മുസ്‌ലിം ലോകം ഇനിയും തയ്യാറായിട്ടില്ല. എല്ലാ ഭൗതിക കാര്യങ്ങൾക്കും നമസ്കാരംപോലെയുള്ള മതകർമ്മങ്ങൾക്കും ശാസ്ത്രീയ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുന്ന മുസ്‌ലിംകൾ, വിശുദ്ധ ഖുർആനിലൂടെ അല്ലാഹു വ്യക്തമായ നിർദേശങ്ങൾ തരികയും പ്രവാചകൻ പ്രാവർത്തികമാക്കി കാണിച്ചുതരികയും ചെയ്ത വക്രതയില്ലാത്ത കാലഗണനാ സമ്പ്രദായം പ്രയോഗവൽക്കരിക്കുവാൻ ശാസ്ത്രീയ പുരോഗതികൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ അശ്രദ്ധയും അലംഭാവവും കാണിക്കുകയാണ്. ഇസ്‌ലാമിന്റെ കലണ്ടർ സംവിധാനം നിസ്സാരമായി കാണുകയാണ്. പവിത്ര മാസങ്ങളുടെ ലംഘനം സത്യനിഷേധത്തിലുള്ള വർധനവാണെന്ന് വിശുദ്ധ ഖുർആന്റെ താക്കീത് അവർ അവഗണിക്കുന്നു.




**ഗോളശാസ്ത്രപണ്ഡിതന്മാർ ആരായാലും അവരുടെ കണ്ടെത്തലുകൾ മുസ്‌ലിംകൾ അംഗീകരിക്കണം. ശാസ്ത്രീയ കണ്ടെത്തലുകൾ മനുഷ്യകുലത്തിന് അല്ലാഹു നൽകുന്ന അനുഗ്രഹങ്ങളാണ്. നബി നടപ്പിലാക്കിയ കാലഗണനാസമ്പ്രദായം കുറ്റമറ്റതും മുഴുവൻ മനുഷ്യർക്കും അവകാശപ്പെട്ടതുമാണ്. ഹിജ്റ വർഷ ചന്ദ്രമാസക്കലണ്ടറിന്റെ പ്രായോഗികത ലോകത്തെ ബോധ്യപ്പെടുത്താൻ മുസ്‌ലിംകൾ ബാധ്യസ്ഥരാണ്.**

ഏതൊരു കാര്യത്തിനും നേരത്തെ കണക്കുകൂട്ടി നിശ്ചയിക്കുന്ന ശാസ്ത്രീയമായ കലണ്ടർ അനിവാര്യമാണ്. അത് സൂര്യവർഷ കലണ്ടറല്ല. ചന്ദ്രമാസ കലണ്ടറാണ് മാസങ്ങളും വർഷങ്ങളുമടങ്ങുന്ന തിയ്യതികൾ ഗ്രഹിക്കാൻ അവലംബിക്കേണ്ടത് എന്ന് വിശുദ്ധ ഖുർആന്റെ നിർദ്ദേശങ്ങളിൽനിന്നും പ്രവാചകാധ്യാപനങ്ങളിൽനിന്നും നാം മനസ്സിലാക്കി. ചന്ദ്രക്കലകൾ കണ്ണുകൊണ്ട് കണ്ടശേഷം മാസം ആരംഭിക്കുകയാണെങ്കിൽ കലണ്ടർ ഉണ്ടാക്കാനോ പ്രായോഗികമാക്കാനോ സാധിക്കുകയില്ലല്ലോ.

കാലഗണന നടത്താൻ സാധിക്കുന്നതായിരിക്കണം കലണ്ടറുകൾ. എല്ലാ ഗ്രഹങ്ങളുടെയും നക്ഷത്രങ്ങളുടെയും പ്രത്യേകിച്ച് സൂര്യന്റെയും ചന്ദ്രന്റെയും ഭൂമിയുടെയും സ്ഥാനം ഓരോ നിമിഷത്തിലും കൃത്യമായി കണക്കുകൂട്ടുന്നതിൽ ശാസ്ത്രം വിജയിച്ചിരിക്കുന്നു. മുൻകൂട്ടി തയ്യാറാക്കിയ ചന്ദ്രമാസക്കണക്കുകൾ, അതായത് കലകളും സ്ഥാനങ്ങളും (അഹില്ലകളും മനാസിലുകളും) നോട്ടിക്കൽ അൽമനാക്കു കളിൽ ഇന്ന് പ്രസിദ്ധീകരിക്കുന്നുണ്ട്. അമേരിക്കയിലെ നാസ ഉപഗ്രഹങ്ങളുടെ വിക്ഷേപണത്തിന്, കൃത്യമായ കണക്കുകളിലാവാൻ വേണ്ടി, ചന്ദ്രമാസ തിയ്യതികളെയാണ് അവലംബിക്കുന്നത്. മുഗൾഭരണകാലത്ത് ഇന്ത്യയിൽ ചന്ദ്രമാസകലണ്ടറാണ് പ്രാബല്യത്തിലുണ്ടായിരുന്നത്. ബ്രിട്ടീഷുകാരുടെ വരവോടെയാണ് ഗ്രിഗേറിയൻ കലണ്ടർ നടപ്പിലാക്കിയത്.

എല്ലാ മുസ്‌ലിംകളും ഗോളശാസ്ത്രം പഠിക്കണമെന്നില്ല. ഗോളശാസ്ത്രപണ്ഡിതന്മാർ ആരായാലും അവരുടെ കണ്ടെത്തലുകൾ മുസ്‌ലിംകൾ അംഗീകരിക്കണം. ശാസ്ത്രീയ കണ്ടെത്തലുകൾ മനുഷ്യകുലത്തിന് അല്ലാഹു നൽകുന്ന അനുഗ്രഹങ്ങളാണ്. നബി നടപ്പിലാക്കിയ കാലഗണനാസമ്പ്രദായം കുറ്റമറ്റതും മുഴുവൻ മനുഷ്യർക്കും അവകാശപ്പെട്ടതുമാണ്. ഹിജ്റ വർഷ ചന്ദ്രമാസക്കലണ്ടറിന്റെ പ്രായോഗികത ലോകത്തെ ബോധ്യപ്പെടുത്താൻ മുസ്‌ലിംകൾ ബാധ്യസ്ഥരാണ്. അനുഷ്ഠാനങ്ങളും ആഘോഷാവസരങ്ങളും വിവാഹം, യാത്ര തുടങ്ങി തിയ്യതിയെ അടിസ്ഥാനമാക്കിയുള്ള എല്ലാ കാര്യങ്ങളും ഈ പ്രകൃതി കലണ്ടറിനനുസൃതമായി നിർവ്വഹിക്കാനും മുസ്‌ലിംകൾ പ്രതിജ്ഞാബദ്ധരാണ്. ■